മലയാള മനോരമ
ESTABLISHED 1888
26 June 2019

# കരിങ്കോഴിയെ പരിചയപ്പെടാം; സിഎംഎഫ്ആർഐയിൽ വിപണന മേള 27ന്

കൊച്ചി • കരിങ്കോഴിയും വിവിധതരം നാടൻകോഴിയിനങ്ങളും പരിചയപ്പെടുത്താൻ കൃഷി വിജ്ഞാന കേന്ദ്രം (കെവികെ) 27ന് സിഎംഎഫ്ആർഐയിൽ വിപണന മേള സംഘടിപ്പിക്കുന്നു. വീട്ടുവളപ്പിൽ വളർത്താവുന്ന കരിങ്കോഴി, നാടൻ തലശ്ശേരി, ആർഐആർ കോഴിക്കുഞ്ഞുങ്ങളാണ് മേളയിൽ ലഭ്യമാകുക.

മുംബൈയിലെ ദേശീയ പൗൾട്രി വികസന സ്ഥാപനത്തിൽ നിന്നു കൊണ്ടുവന്ന ഒരു ദിവസം പ്രായമായ കരിങ്കോഴി കുഞ്ഞുങ്ങളെയും, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ പൗൾട്രി ഫാമിൽ നിന്ന് കൊണ്ടുവന്ന തലശ്ശേരി, ആർഐആർ കുഞ്ഞുങ്ങളെയും കെവികെ വിദഗ്ധരുടെ മേൽനോട്ടത്തിൽ ശാസ്ത്രീയ പരിചരണ മുറകളനുസരിച്ച് ആവശ്യമായ വാക്സിനേഷനുകൾ നൽകിയാണ് വിതരണം ചെയ്യുന്നത്.

മധ്യപ്രദേശിലെ ജാബുവ, ധാർ ജില്ലകളിൽ കണ്ടുവരുന്ന നാടൻ കോഴിയിനമാണ് കടകനാഥ് അഥവാ കരിങ്കോഴി. വർഷത്തിൽ 70 മുതൽ 90 വരെ മുട്ടകൾ ഇവ ഉൽപാദിപ്പിക്കും. പ്രായപൂർത്തിയായ പൂവൻ ഒന്നര മുതൽ 2 കിലോ വരെ തൂക്കമുണ്ടാകും. പിടക്കോഴിയാണെങ്കിൽ ഒന്നു മുതൽ ഒന്നര കിലോ വരെ ശരീരഭാരം ലഭിക്കും. 6 മാസമാകുമ്പോൾ മുട്ടയിട്ടു തുടങ്ങും.

കേരളത്തിൽ കണ്ടു വരുന്ന നാടൻ കോഴിയിനമാണ് തലശ്ശേരി അഥവാ തെലിച്ചേരി കോഴികൾ. ആർഐആർ (റഹോഡ്സ് ഐലൻഡ് റെഡ്) കോഴികളെ മുട്ടയ്ക്കും മാംസത്തിനും ഉപയോഗിക്കാം. അടയിരിക്കുന്ന സ്വഭാവം കുറവാണെങ്കിലും വർഷത്തിൽ 200 മുതൽ 250 വരെ മുട്ടകളുൽപാദിപ്പിക്കും. 2 മാസം പ്രായമായ 3 പിടയും 2 പൂവനും അടങ്ങിയ ഒരു യൂണിറ്റ് കരിങ്കോഴി കുഞ്ഞുങ്ങൾക്ക് 1325 രൂപയും, ഒരു യൂണിറ്റ് നാടൻ തലശ്ശേരി കോഴികുഞ്ഞുങ്ങൾക്ക് 1075 രൂപയും, ആർഐആർ കോഴികുഞ്ഞുങ്ങളുടെ ഒരു യൂണിറ്റിന് 900 രൂപയുമാണ് വില.

ആവശ്യമുള്ളവർക്ക് എറണാകുളം ഹൈക്കോർട്ട് ജംക്ഷനടുത്ത് സിഎംഎഫ് ആർഐയിലുള്ള കെവികെ വിപണന കേന്ദ്രത്തിൽ 27ന് രാവിലെ 10 മുതൽ സ്റ്റോക്ക് തീരുന്നതുവരെ മുഴുവൻ പണവും അടച്ച് സ്വന്തമാക്കാം.

മുൻകൂർ ബുക്കിങ് ഇല്ല. ആദ്യം വരുന്നവർക്ക് മുൻഗണന.